LIBRARY ARCHIVES Kerala Legislative Assembly

ഉടമകളുടെയും അഭിപ്രായം തേടേണ്ടതുണ്ട്. പാലായിൽ മീനച്ചിൽ സംഘം കൺസോർഷ്യം രൂപീകരിച്ചതുപോലെ ഒരു കൺസോർഷ്യം രൂപീകരിച്ച് പുനരുദ്ധാരണ പാക്കേജുണ്ടാക്കി, ആ പാക്കേജ് ബഹുമാനപ്പെട്ട ഹൈക്കോടതിയെ എ. ജി. മുഖാന്തരം അറിയിച്ച് കോടതി അനുമതിയോടുകൂടി മാത്രമേ പുനരുദ്ധാരണ പദ്ധതിയിലേയ്ക്ക് കടക്കാൻ കഴിയുകയുള്ളൂ. ഇത് ഗവൺമെന്റ് ഏറ്റെടുക്കുകയെന്നത് അപ്രായോഗികമാണ്. മീനച്ചിൽ സംഘം പുനരുജ്ജീവിപ്പിച്ചതുപോലെ പ്രൈമറി സംഘങ്ങളുടെ കൺസോർഷ്യം രൂപീകരിച്ചും നിക്ഷേപകരെ സമീപിച്ച് അവരുടെ ഡിമാൻഡിനെ വാങ്ങിയെടുത്തും നിലവിലുണ്ടായിരുന്ന കളക്ഷൻ സെന്ററുകളും പി.എൽ.സി. ഫാക്ടറിയിൽ പ്രവർത്തിച്ചിരുന്ന തൊഴിലാളികളെയുമുൾപ്പെടെ തിരിച്ചുകൊണ്ടുവന്ന് ജോലി ചെയ്യുവാനുള്ള സൗകര്യമുണ്ടാകുന്ന സ്ഥിതിയിലേയ്ക്കെത്തി ഭാവിയിൽ ഇതിനൊരു മാറ്റമുണ്ടാക്കാൻ കഴിയുമെന്ന് കോടതിയെ ബോധ്യപ്പെടുത്തി അനുമതി വാങ്ങണം. അതിനുശേഷം ഗവൺമെന്റ് ഇടപെട്ട് എല്ലാ സഹായവും ചെയ്ത് പുനരുജ്ജീവനത്തിനുവേണ്ടിയുള്ള കൺസോർഷ്യം രൂപീകരിക്കാൻ മുൻകയ്യെടുക്കാം. അതിനായി ഒരു യോഗം വിളിക്കാവുന്നതാണ്.

(9) കൗൺസിലിംഗ്

ശ്രീ. യു. എ. ലത്തീഫ്: സർ, കഴിഞ്ഞ ഒന്നര വർഷക്കാലമായി പൂട്ടിയിട്ട വിദ്യാലയങ്ങൾ തുറക്കുകയാണ്. വിദ്യാർത്ഥികൾ മൊബൈൽ ഫോണിലൂടെ വേണ്ടതും വേണ്ടാത്തതുമായ പലകാര്യങ്ങളും കാണുകയുണ്ടായി. അദ്ധ്യാപകർ വളരെക്കുറച്ചുസമയം മാത്രമാണ് ഓൺലൈനിൽ വരുന്നത്. വിദ്യാർത്ഥികളെ അവർ കാണുന്നില്ല. ഭൂരിഭാഗം രക്ഷിതാക്കൾക്കും എന്താണിവിടെ നടന്നത് എന്നുമറിയില്ല. അതുകൊണ്ട് അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും കൗൺസിലിംഗ് നൽകണമെന്ന് ആവശ്യപ്പെടുകയാണ്. മതനിരപേക്ഷത ഉയർത്തിപ്പിടിക്കുന്ന നമ്മുടെ സംസ്ഥാനത്ത് നമ്മൾ ബഹുമാനിക്കുന്ന പാലാ ബിഷപ്പ് 'നാർക്കോട്ടിക് ജിഹാദ്, ലൗ ജിഹാദ് എന്നൊക്കെ പറഞ്ഞ് മുസ്ലീം സമുദായത്തിന്റെ നെഞ്ചിൻകൂടിനുനേരെ വെടിവയ്ക്കുകയുണ്ടായി. ഈ കുട്ടികളും രക്ഷിതാക്കളും എല്ലാ ദിവസവും ടി.വി.-യും വാർത്താചാനലും കാണുകയാണ്. അവരുടെ മനസ് കളങ്കിതമാണ്, വിഷലിപ്തമാണ്. അതുകൊണ്ട് അവരുടെ മനസ്സിൽനിന്നും ഇതുമാറണം. ഒരു വലിയ ന്യൂനപക്ഷവിഭാഗത്തിനെതിരെ വർഗ്ഗീയവിഷം തുപ്പുന്നരീതിയിലുള്ള പ്രസ്താവനകൾ നടത്തിയതുകൊണ്ട് ആർക്കാണ് ഗുണമുണ്ടായത്; അതിനെതിരെ എന്ത് നടപടിയാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സ്വീകരിച്ചത്? അന്ന് അദ്ദേഹം പറഞ്ഞു ഇവിടെ മുസ്ലീംലീഗ് മുസ്ലീം സമുദായത്തിന്റെ അട്ടിപ്പേറവകാശം ഏറ്റെടുക്കേണ്ടതില്ലെന്ന്. എന്നാൽ ഇപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

എന്താണ് സ്ഥിതി? പി.ഡി.പി. നേതാവ് തീവ്രവാദം പ്രസംഗിച്ചുവെന്നുപറഞ്ഞ് ഈ ഗവൺമെന്റ് അദ്ദേഹത്തെ പോലീസിന് പിടിച്ചുകൊടുത്തു. എത്രവർഷമായി അദ്ദേഹം ജയിലിലായിട്ട്; ഇതൊരു തീവ്രവാദ പ്രസംഗമല്ലേ; എന്താണ് നടപടിയെടുക്കാത്തത്? ബഹുമാനപ്പെട്ട സഹകരണ വകുപ്പുമന്ത്രി ശ്രീ. വി. എൻ. വാസവൻ അദ്ദേഹത്തിന്റെ അടുത്തുപോയിട്ട് പുറത്തുവന്ന് പറഞ്ഞത് 'That chapter is closed' എന്നാണ്. ഏതാണ് close ചെയ്ത chapter?

മി. ചെയർമാൻ: പ്ലീസ്.....

ശ്രീ. യു. എ. ലത്തീഫ്: സർ, ഒരു സ്കൂളിലെ അദ്ധ്യാപകൻ ക്ലാസെടുക്കുന്ന ചാപ്റ്ററാണോ; ഒരുപാട് വിഷമമുണ്ടായിട്ടില്ലേ ഈ സമുദായത്തിന്? ഞാൻ വളരെ വേദനയോടെ ചോദിക്കട്ടെ ആർക്കും കയറി കൊട്ടാനുള്ള ചെണ്ടയാണോ മുസ്ലീങ്ങൾ; എന്താണ് ലൗ ജിഹാദ്? ഞാൻ മലപ്പുറം ജില്ലയിൽനിന്നാണ് വരുന്നത്. മലപ്പുറം ജില്ലയിൽ ഒരു മുനിസിപ്പൽ ചെയർപേഴ്സണെ, മുസ്ലീം സഹോദരിയെ ആ ജില്ലയിൽ ഏറ്റവും പ്രഗത്ഭനായ സി.പി.ഐ.(എം) നേതാവ് വിവാഹം കഴിക്കുകയുണ്ടായി. അത് ലൗ ജിഹാദാണോ സർ?

മി. ചെയർമാൻ: ബഹുമാനപ്പെട്ട മെമ്പർ സബ്മിഷൻ വിഷയത്തിൽ നിന്നും വ്യതിചലിച്ചുപോകുകയാണ്.

ശ്രീ. യു. എ. ലത്തീഫ്: സർ, എന്റെ ഏറ്റവുമടുത്ത സ്നേഹിതനായ ബി.ജെ.പി. നേതാവ് മുസ്ലീം സ്ത്രീയെ വിവാഹം കഴിച്ചു. അത് ലൗ ജിഹാദാണ്. എത്രയെത്ര ക്രിസ്ത്യീയ സഹോദരങ്ങൾ മുസ്ലീം സ്ത്രീകളെ വിവാഹം കഴിക്കുന്നു; അത് ലൗ ജിഹാദാണ്. അതുകൊണ്ട് ഈ കളങ്കപ്പെട്ട മനസ്സുകളെ അവരിൽനിന്നും മാറ്റുന്നതിനുവേണ്ടി വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും രക്ഷിതാക്കൾക്കും കൗൺസിലിംഗ് നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, ബഹുമാനപ്പെട്ട അംഗം യു. എ. ലത്തീഫ് ഇവിടെ ഉന്നയിച്ച പല പ്രശ്നങ്ങൾക്കും പ്രത്യേക ചോദ്യം തന്ന് മറുപടി പറയേണ്ടതാണ്. അദ്ദേഹം കൺക്ലൂഡ് ചെയ്തുകൊണ്ട് പറഞ്ഞ കാര്യത്തിന് മറുപടി പറയാം. കോവിഡ് പശ്ചാത്തലത്തിൽ സ്കൂളുകൾ തുറക്കുന്നതുമൂലം കുട്ടികളിലും രക്ഷകർത്താക്കളിലുമുള്ള മാനസിക സംഘർഷവുമായി ബന്ധപ്പെട്ട് അദ്ദേഹം സൂചിപ്പിച്ച പ്രശ്നം വളരെ ഗൗരവത്തോടുകൂടിത്തന്നെയാണ് ഗവൺമെന്റ് കാണുന്നത്. മാനസിക സംഘർഷവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സഹായകമാകുംവിധം 'ഉള്ളറിയാൻ' എന്ന പരിപാടി ഡിജിറ്റൽ ക്ലാസുകളുടെ ഭാഗമായി നടപ്പിലാക്കിവരികയാണ്. കുട്ടികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്ന രീതിയിൽ മനഃശാസ്ത്രജ്ഞരുടെ

LIBRARY ARCHIVES Kerala Legislative Assembly

സഹായംതേടുന്നു. അതോടൊപ്പം കായികക്ഷമതയും ആരോഗ്യവും സംബന്ധിച്ച വീഡിയോ ക്ലാസുകളും വിക്ടേഴ്സ് ചാനൽ വഴി സംപ്രേഷണം നടത്തുന്നുണ്ട്. മാനസികാരോഗ്യവുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങൾ സ്കൂളുകളിൽ ഇപ്പോൾത്തന്നെ നടക്കുന്നുണ്ട്. ജീവിത നൈപുണി വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് 'ഉല്ലാസപ്പറവകൾ' എന്ന പ്രവർത്തനം സംസ്ഥാനത്ത് നടന്നുവരികയാണ്. ഈ പേരിൽ പ്രത്യേക പഠനസാമഗ്രി തയ്യാറാക്കിയാണ് മുന്നോട്ടുപോകുന്നത്. കുട്ടികളുടെ മാനസികാരോഗ്യം ഈ പദ്ധതിയുടെ മുഖ്യപരിഗണനയാണ്. കുട്ടികളുടെ വൈകാരികവും മാനസികവുമായ ക്ഷേമം ലക്ഷ്യമാക്കി 'Our Responsibility to Children' എന്ന പദ്ധതിയും സ്കൂൾ കുട്ടികൾക്കായി നടപ്പാക്കുന്നു. ഇതിനെല്ലാം രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്തുവാൻ ഊന്നൽ നൽകുന്നുണ്ട്. സ്കൂൾ തുറക്കുന്നതിനുമുന്നോടിയായി കുട്ടികളുടെയും രക്ഷിതാക്കളുടെയും മാനസിക സംഘർഷം ലഘൂകരിക്കുന്നതിനായി പൊതുവിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ തയ്യാറാക്കിയ കേന്ദ്രീകൃത മൊഡ്യൂളിന്റെ അടിസ്ഥാനത്തിൽ അദ്ധ്യാപകതല പരിശീലനം നൽകുന്നതാണ്. അപ്രകാരം പരിശീലനം ലഭിച്ച അദ്ധ്യാപകർ ക്ലാസ് അടിസ്ഥാനത്തിൽ രക്ഷകർത്താക്കൾക്ക് സമൂഹ മാധ്യമങ്ങളിലൂടെ ഇതുസംബന്ധിച്ച് ബോധവൽക്കരണ ക്ലാസും നൽകുന്നതാണ്. സ്കൂൾ തുറന്ന് ആദ്യദിവസങ്ങളിൽ ഇതുസംബന്ധിച്ച ക്ലാസുകളും കുട്ടികൾക്ക് നൽകുന്നതാണെന്ന കാര്യംകൂടി അറിയിക്കുവാൻ ആഗ്രഹിക്കുകയാണ്.

(10) താലൂക്കാശുപത്രിയായി ഉയർത്തൽ

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, പൂഞ്ഞാർ നിയോജക മണ്ഡലത്തിലെ ഏറ്റവും ഗൗരവതരമായ ജനകീയ വിഷയമാണ് ആരോഗ്യരംഗത്തെ പിന്നാക്കാവസ്ഥ. ഭൂവിസ്തൃതികൊണ്ടും ജനസംഖ്യകൊണ്ടും കോട്ടയം ജില്ലയിലെ ഏറ്റവും വലിയ നിയോജക മണ്ഡലമാണ് പൂഞ്ഞാർ. പക്ഷേ, പൂഞ്ഞാറിൽ സാമൂഹ്യാരോഗ്യ കേന്ദ്രത്തിനുമുകളിലുള്ള ഒരു ആശുപത്രിയും പൊതു ആരോഗ്യരംഗത്തില്ല. സ്വകാര്യ ആരോഗ്യരംഗത്തും സൗകര്യങ്ങളുള്ള ആശുപത്രികളില്ല. നാല്പതിനായിരം ജനസംഖ്യയുള്ളതും ഏഷ്യയിലെതന്നെ ഏറ്റവുമധികം density of population ഉള്ളതുമായ മുനിസിപ്പാലിറ്റിയാണ് ഈരാറ്റുപേട്ട. ഏഴര ചതുരശ്ര കിലോമീറ്ററിനുള്ളിൽ നാല്പതിനായിരം ജനങ്ങൾ തിങ്ങിപ്പാർക്കുന്ന പ്രദേശം. ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള എട്ട് ഗ്രാമപഞ്ചായത്തുകളിലായുള്ള രണ്ടരലക്ഷം ജനങ്ങൾക്ക് മെച്ചപ്പെട്ട ആരോഗ്യ സൗകര്യങ്ങൾക്ക് കോട്ടയത്തോ പാലായിലോ പോകേണ്ട സ്ഥിതിയാണ്. മീനച്ചിൽ താലൂക്കാശുപത്രി മുപ്പത് കിലോമീറ്റർ അകലെ കുറവിലങ്ങാടാണ് സ്ഥിതിചെയ്യുന്നത്. ഈരാറ്റുപേട്ടയിലെ കുടുംബാരോഗ്യകേന്ദ്രം 1957-ൽ